**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1173** **09-10-2024 - ൽ മറുപടിയ്ക്ക്**

**യുവജനകാര്യ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം യുവജനകാര്യ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനകാര്യ വകുപ്പ് യുവജനക്ഷേമ ബോർഡ് മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കേരളോത്സവം<br><br>സ്പീക്ക് യംഗ് (യുവത പറയുന്ന ഭാവി കേരളത്തെക്കുറിച്ച്) – ചാവക്കാട് വസന്തം കോർണർ<br><br>കരിയർ ഗൈഡൻസ് - ഗുരുവായൂർ ശ്രീകൃഷ്ണ കോളേജ്<br><br>ജനസഭ – ചാവക്കാട് വസന്തം കോർണർ<br><br>ലഹരിവിരുദ്ധ കലാജാഥ – ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ<br><br>ശാസ്ത്ര ക്വിസ് (നിയോജക മണ്ഡലം) - ചാവക്കാട് നഗരസഭ കൗൺസിൽ ഹാൾ |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം യുവജനകാര്യ വകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനകാര്യ വകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**കേരള സംസ്ഥാന യുവജന കമ്മീഷൻ -**<br><br>(i)കോളേജുകൾ, വായനശാലകൾ സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ വിവിധ ഇടങ്ങളിൽ യുവജനങ്ങൾക്കുള്ള ബോധവത്ക്കരണ പരിപാടികൾ<br><br>(ii) ജില്ലാതല അദാലത്തുകൾ<br><br>(iii) ദേശീയ സെമിനാർ<br><br>(iv) യൂത്ത് ഐക്കൺ അവാർഡ് |

(v)പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം ആരോഗ്യ ക്യാമ്പ് /ആയോധനകല പരിശീലനം

(vi)യുവജനങ്ങൾക്കുള്ള സൗജന്യ നിയമ സഹായം 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ'

(vii)ഇ.എം.എസ് മെമ്മോറിയൽ ഇന്റർയൂണിവേഴ്സിറ്റി പ്രസംഗ മത്സരവും യുവജനദിന പരിപാടികളും.

(viii) യുവജനങ്ങളുടെ പ്രോഗ്രാം ഫെസിലിറ്റേഷൻ

എ). ഗ്രീൻ യൂത്ത് പദ്ധതി

ബി). യുവകർഷക സംഗമം

സി). ജോബ് ഫെസ്റ്റുകൾ

(ix) സ്ത്രീധനത്തിനെതിരെയും ലഹരിയ്ക്കെതിരെയും ബോധവൽക്കരണ ക്യാമ്പെയിൻ/കലാജാഥ, നിയമപരമായ സഹായം, കൗൺസെലിംഗ്, ഹ്രസ്വ ചിത്രമത്സരം.

**<u>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്</u>**

1.ശാസ്ത്ര ക്വിസ്

2.മണിനാദം

3.സാഹിത്യ ക്യാമ്പ്

4.നീന്തൽ പരിശീലനം

5.കായിക പരിശീലനവും മത്സരങ്ങളും (ഫുട്ബോൾ, കബഡി, വോളീബോൾ, ക്രിക്കറ്റ്)

6.തീയറ്റർ ഫെസ്റ്റ്: സംസ്ഥാന അമച്വർ നാടകോത്സവം

7.ട്രാൻസ്ജെൻഡർ ശാക്തീകരണം

8.സാഹസിക പ്രവർത്തനങ്ങൾ

9.ടീം കേരള (കേരള യൂത്ത് ഫോഴ്സ്) : യുവാക്കളെ സന്നദ്ധ സേവന രംഗത്ത് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കിയ പദ്ധതിയാണ് ടീം കേരള. പ്രളയകാലത്തും കോവിഡ് കാലത്തും യൂത്ത് ഫോഴ്സിന്റെ സേവനം ഉപയോഗപ്പെടുത്താൻ സാധിച്ചു. സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിന പരേഡുകൾ സന്നദ്ധ സേവന പ്രവർത്തനങ്ങൾ കുടുംബശ്രീ സരസ്സ് മേള, ശുചിത്വ മിഷൻ ക്യാമ്പെയിൻ, ബീച്ച് ക്ലീനിംഗ്, ശബരിമല ഹെൽപ്പ്ഡെസ്ക്, ഹോസ്പിറ്റൽ ശുചീകരണം, കേരളീയം, സയൻസ് എക്സിബിഷൻ,

ആറ്റുകാൽ പൊങ്കാല, പാർക്ക് ശുചീകരണം, രക്ഷാപ്രവർത്തനങ്ങൾ, ട്രാൻസ്പ്ലാന്റ് ഗെയിംസ് (അവയവമാറ്റം നടത്തിയ ആളുകളെ പങ്കെടുപ്പിച്ച് പരിപാടി) നേതൃത്വ പരിശീലന ക്യാമ്പ്, കേരളോത്സവം, വയനാട് ഉരുൾപൊട്ടൽ('കരുതൽ' ക്യാമ്പെയിൻ – ശുചീകരണ പ്രവർത്തനം).

10.ലഹരി വിരുദ്ധ ക്യാമ്പയിൽ : 'No to Drugs' എന്ന മുദ്രാവാക്യം ഉയർത്തി ടീം കേരള, അവളിടം ക്ലബ്ബുകൾ, യുവാ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, മാരിവില്ല് ട്രാൻസ്ജെൻഡേഴ്സ് ക്ലബ്ബുകൾ തുടങ്ങിയ വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിലാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്.

11.ക്ലബ്ബുകൾ : അവളിടം ക്ലബ്ബ് (യുവതി ക്ലബ്), കതിർ കാർഷിക ക്ലബ്, യൂത്ത്- യുവാക്ലബ്ബുകൾ എന്നീ ക്ലബ്ബുകളിലൂടെ സാമൂഹിക, കലാ കായിക, സാംസ്കാരിക, വിദ്യാഭ്യാസ, ആരോഗ്യ പ്രവർത്തനങ്ങളിലൂടെ സാമൂഹിക പുരോഗതിക്കായി പ്രവർത്തിച്ചുവരുന്നു.

12.കേരളോത്സവം : ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടുകൂടി ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ തലങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നു.

13.സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം : സാമൂഹിക പ്രവർത്തനം, മാധ്യമ പ്രവർത്തനം, കല, സാഹിത്യം, കായികം എന്നീ മേഖലകളിൽ മികച്ച പ്രവർത്തനം നടത്തുന്ന വ്യക്തികൾക്ക് സംസ്ഥാനതല അവാർഡ് നൽകുന്നു.

14. യുവമാധ്യമ ക്യാമ്പ്

15.ചലച്ചിത്ര നിർമ്മാണ ശില്പശാല

16.ദിനാചരണങ്ങൾ : യുവജന ദിനം, ഗാന്ധി ജയന്തി, പരിസ്ഥിതി ദിനം, ലഹരി വിരുദ്ധ ദിനം, വനിതാ ദിനം, പി ബിജു അനുസ്മരണം.

17.യുവശക്തി : കേരളത്തിന്റെ വികസനത്തിന് യുവജനങ്ങളെയും യുവജന കൂട്ടായ്മകളെയും ഉപയുക്തമാക്കി യുവജനക്ഷേമ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലം മുതൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ജില്ലാ, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ കോ-

| | | | |
|---|---|---|---|
| | | | ഓർഡിനേറ്റർമാരെ നിയോഗിച്ചാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്.<br><br>18.മുഖാമുഖം പരിപാടി - 2024 ഫെബ്രുവരിയിൽ തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ച യുവജനങ്ങളുമായുള്ള ബഹു.മുഖ്യമന്ത്രിയുടെ മുഖാമുഖം പരിപാടിയിൽ വിവിധ മേഖലകളെ പ്രതിനിധാനം ചെയ്ത് രണ്ടായിരത്തോളം യുവതീയുവാക്കൾ പങ്കെടുത്തു.<br><br>19.കേരളീയം - 2023 നവംബർ 1 മുതൽ 7 വരെ സംസ്ഥാന സർക്കാർ സംഘടിപ്പിച്ച കേരളീയത്തിന്റെ ഭാഗമായി യുവജനക്ഷേമ ബോർഡ് ഫ്ലാഷ് മോബ്, മ്യൂസിക്ക് ബാന്റ് എന്നീ പരിപാടികൾ സംഘടിപ്പിച്ചു.<br><br>20.വയനാട് ഉരുൾപൊട്ടൽ – 2024 ജൂലൈ വയനാട് ജില്ലയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ ദുരിതബാധിതരെ രക്ഷിക്കുന്നതിനും രക്ഷാപ്രവർത്തനങ്ങളിൽ സർക്കാർ സംവിധാനത്തെ സഹായിക്കുന്നതിനും 'കരുതൽ' – വയനാടിനെ സംരക്ഷിക്കാം ക്യാമ്പെയിനിന്റെ ഭാഗമായി ദുരിതബാധിതർക്ക് ആവശ്യമായ സാധനങ്ങൾ കളക്ട് ചെയ്യുന്നതിനായി ജില്ലാ കേന്ദ്രങ്ങളിൽ കളക്ഷൻ സെന്ററുകൾ ആരംഭിക്കുകയും സാധനങ്ങൾ ജില്ലാഭരണകൂടങ്ങൾക്ക് കൈമാറുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ